# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3069 | 13/07/2015 ൽ മറുപടിക്ക് |
|---|---|

### മുൻ എം.പി.ശ്രീ.കെ.സുധാകരന്റെ പേരിലുണ്ടായിരുന്ന വിജിലൻസ് കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ കൃഷ്ണൻനായർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | മുൻ എം.പി. ശ്രീ.കെ.സുധാകരന്റെ പേരിലുണ്ടായിരുന്ന ഏതെങ്കിലും വിജിലൻസ് കേസ് പിൻവലിക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ; | (എ) യും (ബി) യും (സി) യും (ഡി) യും | കേരള ഹൈക്കോടതി 31 ബാർ ലൈസൻസുകൾ റദ്ദ് ചെയ്ത ഉത്തരവ് പുതുക്കുന്നതിന് സുപ്രീം കോടതിയിലെ ഒരു ജഡ്ജ് അനധികൃതമായി പണം കൈപ്പറ്റുന്നത് നേരിൽ കണ്ടെന്ന ശ്രീ.കെ.സുധാകരൻ എം.പി.യുടെ പ്രസ്താവനയിൽ മാധ്യമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലീഗൽ അഡ്വൈസറുടെ അഭിപ്രായ പ്രകാരം പോലീസ് സൂപ്രണ്ട്, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - II ന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് കേസ് (വി.സി.01/2011/എസ്.ഐ.യു- II) രജിസ്റ്റർ ചെയ്ത് പ്രഥമവിവര റിപ്പോർട്ട്, പ്രത്യേക റിപ്പോർട്ട് എന്നിവ വിജിലൻസ് ഡയറക്ടർ സർക്കാറിന് സമർപ്പിച്ചു. സർക്കാർ ഈ വിഷയം 12.05.1992 ലെ G.O.(P)No.65/92/Vig. ലെ ഖണ്ഡിക 4(i) (ii) (iii) അടിസ്ഥാനത്തിൽ പരിശോധിക്കുകയും ഈ വിഷയത്തിൽ സ്വമേധയാ (സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ ) അന്വേഷണം തുടങ്ങിയ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ നടപടി ഗൗരവമുള്ള വീഴ്ചയെന്ന് കണ്ടെത്തുകയും ഈ വിവരം വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, ഡയറക്ടറെ അറിയിക്കുന്നതിന് അന്നത്തെ ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉത്തരവാകുകയും ചെയ്തു. ഈ വിവരം 03.01.2012 ലെ 7375/ഇ 1/11/വിജി നമ്പർ കത്തുമുഖേന വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറെ അറിയിക്കുകയുണ്ടായി. (കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.) ഈ കത്തിന്റെയടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പ്രസ്തുത വിജിലൻസ് കേസിന്റെ അന്വേഷണം നിർത്തിവെച്ച് 'Mistake of Law' ആയി പരിഗണിച്ച് സമർപ്പിച്ച അന്തിമ റിപ്പോർട്ട് കോടതി അംഗീകരിച്ച് അനന്തരനടപടികൾ അവസാനിപ്പിക്കുകയും ചെയ്തു. |
| (ബി) | എന്തെല്ലാം കുറ്റങ്ങൾ ആരോപിച്ചുകൊണ്ടുള്ളതായിരുന്നു വിജിലൻസ് കേസ്; കേസ് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാമായിരുന്നു; | | |
| (സി) | കേസ് പിൻവലിക്കുന്നതിന് ഉത്തരവിട്ട മന്ത്രി ആരായിരുന്നു ; | | |
| (ഡി) | ഇത് സംബന്ധിച്ച് വിജിലൻസിന് ലഭിച്ച നിയമോപദേശം വ്യക്തമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

No.7375/E1/11/Vig.

Vigilance (E) Department,
Thiruvananthapuram.
Dated: 3.1.2012.

From
The Additional Chief Secretary to Government.

To
The Director,
Vigilance and Anti-Corruption Bureau,
Thiruvananthapuram.

Sir,

Sub: Vigilance Department - Case against Shri.K.Sudhakaran, Hon'ble Member of Parliament - Reg.

Ref: 1. Your letter No. C4 (VC 1/11/SIU-11)9679/11 dated 13.7.2011.
2. G.O.(P.) No.65/92/Vig. dated 12.5.1992.
3. G.O.(P.) No.15/97/Vig. dated 26.3.1997.

I am to invite attention to the reference cited and inform you that as per clause (ii) of para 4 of the G.O. second cited the Director, Vigilance and Anti-Corruption Bureau should not initiate enquiries suomoto, even when a complaint is made in person or in a signed petition. The Director should invariably report such complaints promptly to Government in Vigilance Department which will issue necessary instructions in the matter. Hence your action in having ordered an enquiry against Shri.Sudhakaran, MP without the prior sanction of Government is a serious lapse.

Yours faithfully,

P.A.Roy,
Additional Secretary to Government,
for Additional Chief Secretary to Government.

Approved for issue

Section Officer